(സി&ഡി) ലോഡ് ഷെഡ്ഡിംഗ് കൂടാതെ മറ്റൊരു കറന്റ് കട്ട് നടത്താറില്ല. എന്നാൽ അവിചാരിതമായി വരുന്ന അറ്റകുറ്റപ്പണികൾ മൂലവും ജനറേറ്ററുകളുടെയും ലൈനുകളുടെയും ട്രിപ്പിംഗ് മൂലവും ഭാഗികമായി വൈദ്യുതി വിതരണം ചിലയിടങ്ങളിൽ തടസ്സപ്പെടാറുണ്ട്. അറ്റകുറ്റപ്പണികൾക്കു ശേഷം പ്രസ്തുത സ്ഥലങ്ങളിൽ വൈദ്യുതി വിതരണം പുന:സ്ഥാപിക്കാറുണ്ട്.

കടയ്ക്കൽ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം

116 (284) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കടയ്ക്കൽ പഞ്ചായത്തിൽ കൊടിത്തം, കാരയ്ക്കാട് പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇത് എന്നത്തേയ്ക്ക് നടപ്പിൽ വരുത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കൊടിത്തം പ്രദേശത്ത് 100 കെ.വി.എ യുടെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ജോലികൾ നടന്നു വരികയാണ്. ഈ ജോലി 2000-മാണ്ട് മാർച്ച് മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കണ്ണൂർ ജില്ലയിലെ വഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് സ്കീമിന്റെ പ്രവർത്തനം

117 (285) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് സ്കീമിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ പ്രവർത്തി സംബന്ധിച്ച് വൈദ്യുതി ബോർഡ് തടസം ഉന്നയിക്കാൻ കാരണം എന്താണ് ;

(സി) വൈദ്യുതി ബോർഡിന്റെ നിർദ്ദേശങ്ങളിൻമേൽ ബഹു:ഹൈക്കോടതി എന്തു നിർദ്ദേശമാണ് നൽകിയിട്ടുള്ളത് ;

(ഡി) ഈ പദ്ധതി കാലവിളംബം ഇല്ലാതെ പൂർത്തിയാക്കാൻ വൈദ്യുതി ബോർഡ് എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പദ്ധതി ഇപ്പോൾ 15% പ്രവർത്തികൾ പൂർത്തിയാക്കി. പണികൾ നിർത്തിവച്ച സ്ഥിതിയിൽ നിൽക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഐഡിയൽ പ്രോജക്ടിന്റെ പ്രവർത്തികൾ വളരെ മന്ദഗതിയിലായതിനാൽ ഗവൺമെന്റും വൈദ്യുതി ബോർഡും ചേർന്ന് പദ്ധതിയുടെ അലോട്ട്മെന്റ് റദ്ദ് ചെയ്തു.

(സി) ഹൈക്കോടതി സിംഗിൾ ബഞ്ച് ഗവൺമെന്റിന്റെയും വൈദ്യുതി ബോർഡിന്റെയും ഉത്തരവുകൾ റദ്ദു ചെയ്തു. വൈദ്യുതി ബോർഡ് ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്.

(ഡി) ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിക്കനുസൃതമായി ഈ പദ്ധതി ബോർഡ് നേരിട്ട് ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നു.

വർക്കലയിൽ ഇലക്ട്രിക്കൽ ഡിവിഷൻ ആഫീസ്

118 (286) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജക മണ്ഡലത്തിൽ എത്ര ഇലക്ട്രിക്കൽ സെക്ഷൻ ആഫീസുകൾ ഉണ്ടെന്നും ഈ സെക്ഷൻ ആഫീസുകളുടെ പരിധിയിൽ ഓരോന്നിലും എത്ര ഉപഭോക്താക്കൾ ഉണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) ഈ ഉപഭോക്താക്കളുടെ എണ്ണം കണക്കാക്കിയാൽ നിലവിലുള്ള സെക്ഷൻ ആഫീസുകളുടെ എണ്ണവും മേജർ സെക്ഷൻ ആഫീസുകളുടെ എണ്ണവും വർദ്ധിപ്പിക്കേണ്ടതാവശ്യമാണെന്ന് ബോദ്ധ്യമായിട്ടുണ്ടോ;

(സി) എങ്കിൽ വെട്ടൂർ കേന്ദ്രമാക്കി ഒരു സെക്ഷൻ ആഫീസ് സ്ഥാപിക്കാനും പാലച്ചിറ സെക്ഷൻ ആഫീസ് അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) അടിയന്തിരമായി വർക്കലയിൽ ഒരു ഇലക്ട്രിക്കൽ ഡിവിഷൻ ആഫീസ് ആരംഭിക്കാൻ അനുവാദം നൽകുമോ?

ഉത്തരം

(എ) വർക്കല നിയോജകമണ്ഡലത്തിൽ താഴെ കൊടുത്തിരിക്കുന്ന 5 ഇലക്ട്രിക്കൽ ആഫീസുകൾ നിലവിലുണ്ട്. ഓരോ ആഫീസിലും ഉള്ള ഉപഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

1. ഇലക്ട്രിക്കൽ മേജർ സെക്ഷൻ വർക്കല - 13278 ഉപഭോക്താക്കൾ
2. ഇലക്ട്രിക്കൽ മേജർ സെക്ഷൻ, കല്ലമ്പലം - 2574 " (ഭാഗികം)
3. ഇലക്ട്രിക്കൽ സെക്ഷൻ, പാലച്ചിറ - 10038 "
4. ഇലക്ട്രിക്കൽ സെക്ഷൻ, ഇടവ - 6386 "
5. ഇലക്ട്രിക്കൽ സെക്ഷൻ, കെടാകുളം - 7824 "

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly